# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.9/2199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.9/2199/2023 തീയ്യതി: 02/11/2023

## മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ കെ,കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ദിനേശൻ എം, ഓഡിറ്റ് ഓഫീസർ
ശ്രീ ആലസ്സൻകുട്ടി ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജാത എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സക്കീന കെ ,ഓഡിറ്റർ

ശ്രീമതി ഹുസ്ന വിസി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി കെ ബാബുരാജ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രദീപൻ പി.കെ | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ അഷ്റഫലി സി ടി | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഫൈസൽ എം | അസി.സെക്രട്ടറി | 01-04-2022 | 13-11-2022 |
| ശ്രീ അഹമ്മദ് ഉസ്മാൻ വി | അസി.സെക്രട്ടറി | 14-11-2022 | 31-03-2023 |
| ശ്രീമതി.ഹസ്സീന ഹസ്സൻ കുഞ്ഞി | കൃഷി ഓഫീസർ | 01-04-2022 | 14-02-2023 |
| ശ്രീ വിനീത് വർമ്മ | കൃഷി ഓഫീസർ | 15-02-2023 | 31-03-2023 |
| ശ്രീ കണ്ണൻ മുത്തുസ്വാമി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അജിൽ എ.പി | മെഡിക്കൽ ഓഫീസർ പി എച് സി | 01-04-2022 | 31-03-2023 |
| ഡോ ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി സുലോചന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ അബ്ദുറഹിമാൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി മോനിഷ സത്യൻ | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിനിത എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 22-07-2022 |
| ശ്രീ റിജീഷ് കെ എം | അസിസ്റ്റന്റ് എഞ്ചിനിയർ | 23-07-2022 | 07-08-2022 |
| ശ്രീ സോണി | അസിസ്റ്റന്റ് എഞ്ചിനിയർ | 08-08-2022 | 29-09-2022 |
| ശ്രീ സുബീഷ് സി | അസിസ്റ്റന്റ് എഞ്ചിനിയർ | 30-09-2022 | 20-11-2022 |
| ശ്രീമതി ഫസ്ന | അസിസ്റ്റന്റ് എഞ്ചിനിയർ | 21-11-2022 | 08-01-2023 |
| ശ്രീ ബിബിൻ ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 09-01-2023 | 31-03-2023 |
| ശ്രീമതി.നൗഷ.കെ.എം. | ഡയറി എക്സ്റ്റൻഷൻ | 01-04-2022 | 24-09-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ ബിനു സുധാകരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉള്‍പ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റര്‍ കാലികമാക്കിയില്ല | 1-1-3 |
| 5 | ട്രയല്‍ ബാലന്‍സില്‍ തുകകള്‍ തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | ഗ്രാന്റ് ഇന ചെലവ് വാര്‍ഷിക കണക്ക്, എ സി ആര്‍ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികള്‍ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തി-അവലോകനം | 1-11 |
| 17 | തനത് വരുമാന സമാഹരണം-അവലോകനം | 1-12 |
| 18 | കറന്റ് അക്കൗണ്ടില്‍ ഭീമമായ തുക നിലനിര്‍ത്തുന്നു- വരുമാന നഷ്ടം | 1-13 |
| 19 | തൊഴില്‍ നികുതി അടവാക്കിയിട്ടില്ല | 1-14 |
| 20 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങള്‍ - തുടര്‍ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-15 |
| 21 | പി എച് സി യിലേക്ക് മരുന്ന് വാങ്ങല്‍ - മരുന്ന് ലഭ്യമാകാന്‍ അവശേഷിക്കുന്നു. | 1-16 |
| 22 | അംഗന്‍വാടി പോഷകാഹാരം - പ്രൊജക്ട് അപാകതള്‍ | 1-17 |
| 23 | ഭിന്നശേഷിക്കാര്‍ക്ക് സ്കോളര്‍ഷിപ്പ്- അപാകതകള്‍ | 1-18 |
| 24 | കോക്ലിയാര്‍ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 25 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പില്‍ സര്‍ക്കാര്‍ നിര്‍ദ്ദേശം പാലിച്ചിട്ടില്ല. | 1-20 |

| | | |
|---|---|---|
| 26 | ഐ. കെ. എം വിഹിതം കൈപറ്റ് ലഭ്യമല്ല | 1-21 |
| 27 | വൈദ്യുതീകരണ പ്രവൃത്തികൾ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-22 |
| 28 | പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ- അപാകതകൾ . | 1-23 |
| 29 | പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 1-24 |
| 30 | വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ  വിവരം ലഭ്യമല്ല | 1-25 |
| 31 | പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-26 |
| 32 | ഞങ്ങളും കൃഷിയിലേക്ക്- CDS മുഖേന പച്ചക്കറി തൈ വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല-50,000 രൂപ അധികം നൽകി | 1-27 |
| 33 | കാർഷിക സേവന സബ്സിഡി കർഷകർ വിള ഇൻഷുറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. | 1-28 |
| 34 | കവുങ്ങ് തൈ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 35 | മൺചട്ടിയിൽ പച്ചക്കറി കൃഷി വ്യാപനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-30 |
| 36 | സുസ്ഥിര നെൽകൃഷി വികസനം- കർഷകർ വിള ഇൻഷുറൻ എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. | 1-31 |
| 37 | ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല. | 1-32 |
| 38 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ | 1-32-1 |
| 39 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 1-32-2 |
| 40 | ഭവനപുനരുദ്ധാരണം - പൂർത്തീകരിച്ചില്ല | 1-33 |
| 41 | തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 42 | ടേക്ക് എ ബ്രേക്ക് പി.എച്ച് സി യിൽ ടോയ്ലറ്റ് - അപാകതകൾ | 1-35 |
| 43 | പദ്ധതി ലക്ഷ്യം പൂർത്തിയാക്കിയില്ല | 1-36 |
| 44 | ഇ. ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായിട്ടില്ല. | 1-37 |
| 45 | ലൈഫ് ഭവന നിർമ്മാണം- വിവരം ലഭ്യമാക്കേണ്ടതാണ് | 1-38 |
| 46 | **മുൻകൂർ** കൈപ്പറ്റി - നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-39 |
| 47 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-40 |
| 48 | മുണ്ടക്കുളം സാംസ്കാരിക നിലയം കിണർ പുനരുദ്ധാരണം (33/23) | 1-40-1 |
| 49 | ചെരുംകുഴി പഞ്ചായത്ത് കിണർ റിംഗ് സ്ഥാപിക്കൽ (22/23) | 1-40-2 |
| 50 | ചെറിച്ചിക്കാവ് മങ്ങാട്ട്തടം റോഡ് പുനരുദ്ധാരണം(198/23) | 1-40-3 |
| 51 | മുണ്ടക്കുളം വിറയാലുങ്ങൽ പഞ്ചായത്ത് കിണർ റിംഗ് സ്ഥാപിക്കൽ (23/23) | 1-40-4 |

| | | |
|---|---|---|
| 52 | മഞ്ഞിനിക്കാട് തടത്തിൽ റോഡ് കോൺക്രീറ്റ് (31/23) | 1-40-5 |
| 53 | ബെയ്‌ലിംഗ് മെഷ്യൻ സ്ഥാപിച്ചിട്ടില്ല. | 1-41 |
| 54 | ഭരണ സമിതി തീരുമാനങ്ങളിലെ തുടർ നടപടി വിവരം ലഭ്യമല്ല. | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങളും അനുസരിച്ച് മൂതുവല്ലൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.07.2023 ലെ 1(1) തീരുമാന പ്രകാരം തയ്യാറാക്കി 26.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മൂതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി:02-11-2023

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 7575223/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം6705281/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-1-4 ട്രയൽ ബാലൻസിൽ തുകകൾ തെറ്റായി രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B1 പ്രകാരം 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ നീക്കിയിരുപ്പ് ₹ 5212500 ആണ്. ഇത് ട്രയൽ ബാലൻസിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരുപ്പുമായി ( ₹2403225 )പൊരുത്തപ്പെടുന്നില്ല.

## 1-1-5 ഗ്രാന്റ് ഇന ചെലവ് വാർഷിക കണക്ക്, എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ചുവടെ ചേർത്ത ഗ്രാന്റ് ഇനങ്ങളിലെ ചെലവ് ACR,AFS എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം(I6+B3) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 15285044 | 15524985+1015868=16540853 | 1255809 |
| വികസനഫണ്ട് (എസ്.സി.പി.) | 6249668 | 6831450 | 581782 |
| Un Tied | 2329995 | 2227035+99995=2327030 | 2965 |
| Tied | 2249702 | 1075751+641800=1717551 | 532151 |

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 23-03-2022 | 2/1 തീയതി. 20-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11329276 |
| വരവ് | 192942377 |
| ആകെ | 204271653 |
| ചെലവ് | 186237096 |
| നീക്കിയിരിപ്പ് | 18034557 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16559751 | 16559751 | 15285044 | 1274707 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6487437 | 6487437 | 6249668 | 237769 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10888000 | 10888000 | 9370862 | 1517138 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 1896088 | 2673912 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 2778000 | 2778000 | 2329995 | 448005 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 6118216 | 6118216 | 2249702 | 3868514 |
| ബി-ഫണ്ട് | 0 | 32347200 | 32347200 | 32347200 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2022-23 | 213 | 118225769 | 150 | 53684385 | 0 | 63 | 70.42 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2424 | 914655 | 917079 | 915846 | 1233 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24778551 | 24778551 | 24778551 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3370600 | 2227 |
| വിധവാപെൻഷൻ | 9895600 | 6418 |
| വാർദ്ധക്യകാലപെൻഷൻ | 14934800 | 10397 |
| വികലാംഗപെൻഷൻ | 3735400 | 2459 |
| വിവാഹ ധനസഹായം | 150000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 260800 | 164 |
| ആകെ | 33347200 | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2023 ന് മണിക്ക്സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1080/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2) പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.
3) ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് വാർഡ് അടിസ്ഥാനത്തിൽ വിവരം രേഖപ്പെടുത്തിയിട്ടില്ല.
4) വിവിധ വഷയങ്ങളെ അധികരിച്ച് ഭരണ സമിതി എടുക്കുന്ന തീരുമാനങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നില്ല (ഖണ്ഡിക.1-42).
ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഫയലുകൾ പ്രൊജക്ട്/വൗച്ചർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2022 മുതൽ 15.01.2022 വരെ | 04/2021 മുതൽ 10/2021 വരെ | 17.11.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 29.12.2016 മുതൽ 07.01.2017 വരെ | 2011-12 മുതൽ 2015-16 വരെ | 27.12.2017 |

## 1-11 നിക്ഷേപ പ്രവൃത്തി-അവലോകനം

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | സാമ്പത്തിക വർഷം | പ്രൊജക്റ്റ് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2017-18 | പറമ്പിൽ അംഗനവാടി കുഴൽകിണറിന് മോട്ടോർ വെക്കൽ 151/18 | SEC | ഭൂജല വകുപ്പ് | Maintenance Fund - Non-road Assets - 104723 | 0 | 86000 |
| 2. | 2019-20 | കോട്ടാപറമ്പ് ഇമ്പാച്ചിപ്പടി പൂക്കാട്ടീരി റോഡില് ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ141/20 | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | - , Own Fund - 151560 | 0 | 151560 |
| 3 | 2019-20 | ആയുർവ്വേദ ആശുപത്രി കുഴൽകിണറിന് മോട്ടോർ 263/20 | SEC (GP) | ഭൂജല വകുപ്പ് | Own Fund - 98000 | 0 | 98000 |
| 4 | 2020-21 | മേലേകണ്ടി വള്ളിക്കാട്ടുകുണ്ടിൽ കുറുക്കൻ കുന്ന് റോഡിലേക്ക് ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 208/21 | SEC (GP | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Tied Grant ) - 200000 | 0 | 200000 |
| 5 | 2020-21 | കോട്ടാപറമ്പ് ഇമ്പാച്ചിപ്പടി | SEC (GP | കേരളാ വാട്ടർ | Development Fund(CFC | 0 | 98440 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പൂക്കാട്ടീരി റോഡില് ചീക്കോട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ 222/21 | | അതോറിറ്റി | Basic Grant ) - 98440 | | |
| 6 | 2020-21 | ജലജീവൻ മിഷൻ പദ്ധതി 283/21 | SEC (GP | കേരളാ വാട്ടർ അതോറിറ്റി | Development Fund(General) - 300000 | 209841 | 90159 |
| 7 | 2020-21 | മുട്ടിയാറക്കൽ ഭാഗത്തേക്ക് കുടിവെള്ള പദ്ദതി 288/21 | SEC (GP | കേരളാ വാട്ടർ അതോറിറ്റി | Development Fund(CFC Tied Grant ) - 200000 | 0 | 200000 |

ഈ വിഷയം ഉന്നയിച്ച് നൽകി ഓഡിറ്റ് എൻക്വയറിനമ്പർ 3/12.9.23 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്ന പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങൾ, വിമുക്ത ഭടൻമാരുടെ വീടുകൾ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 11.10.22 ലെ 3 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി ക്യാമ്പുകൾ നടത്തുന്നതിനായി തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടുണ്ടെങ്കിലും 22-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം 213829/-രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2) വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെന അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 19.08.23 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 2(1) തീരുമാന പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുണ്ട്.

- റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
- പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ മാറ്റം വരുത്തിയിട്ടില്ല.
- വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 739 അപേക്ഷകളിൽ ഓഡിറ്റ് തിയതിവരെ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.
- കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിലും നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

3.ലൈസൻസ് ഫീസ്

പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

5.മറ്റിനങ്ങൾ

1.ഗ്രാമപഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ്,.ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല.

2.ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും

, പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.09.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി 03.7.2017 ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 67386681695) 01.04.22 ന് 4,90,438/- രൂപ മുൻബാക്കിയും 31.3.2023 ന് 14,32,642/- രൂപ നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 478452/- രൂപ ,13,51,809/- രൂപ. 31.7.2023 ന് ഈ അക്കൗണ്ടിൽ 1566517 രൂപ നീക്കിയിരിപ്പുണ്ട്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. ധനമാനേജ്മെന്റിലെ വീഴ്ച കാരണം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടയതിന് വിശദീകരണം നൽകുന്നതാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/12.09.23) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കറന്റ് അക്കൗണ്ടിൽ നിന്നും തുക എസ് ബി അക്കൌണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി എച് സി സായാഹ്ന ഒ. പി (189/23 ആകെ ചെലവ് തുക 415250) എന്ന പ്രോജക്ക്റ്റ് പ്രകാരം ഡോ ഇന്ദുജ (20.08.22-04.01.23), സലീന കെ (ഫാർമസിസ്റ്റ് 22.08.22-29.03.22) , ഡോ ബുർഹാനുദ്ധീൻ സവാദ്( 05.01.23 - 28.03.23) മുതൽ) എന്നിവരെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ മേൽ ജീവനക്കാരുടെ (ഫാർമസിസ്റ്റ് ഒഴികെ) തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കി വിവരം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരും നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ചില സ്കൂളുകൾ അപേക്ഷയിൽ രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളും പഞ്ചായത്ത് നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ലയെന്ന് പരിശോധനയിൽ വ്യക്തമായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| CHMKMUPS മുണ്ടക്കുളം | 15/322- 225 Sqm (FF)<br>15/323 – 240 Sqm (FF)<br>5/324 – 188 Sqm (FF)<br>ആകെ =653 Sqm | 19x6.70 =127.3 (3 Room )<br>12.80x6.70 =85.76 (2 Room )<br>6.85x8= 54.8 ( 1 Room)<br>12.35x6.85 = 84.597 ( 2 Room )<br>25.20x 6.85 = 172.62 (4 Room)<br>19.60x6.70 = 131.32 (3 Room) |

| | | |
|---|---|---|
| | | 13.15x6.10 = 80.21(2 Room)\ 6.10x6 =36.6 (1 Room) 24.80x6 =148.8 (4 Room) ആകെ =922.007 M2 |
| MUPS തവനൂർ | 4/37 – 100 Sqm ആകെ =100 Sqm | 6.10x6.10x3 =111.63 (3 Room) 6.10x6.10 = 37.21 (1 Room) 6.20x6.10= 37.82 (1 Room) 6.15x6.15x2 = 75.645 6.10x6.10x4 = 148.84 ആകെ = 411.145 M2 |

[കുറിപ്പ് . ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതികൾ കണ്ടെത്തി കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവപ്രകാരം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.09.23) ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾപ്പെടെയുള്ള മുഴവൻ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം പരിശോധിച്ച് അനധികൃത കെട്ടിടങ്ങൾ കണ്ടെത്തി ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 പി എച് സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് | പി എച് സി യിലേക്ക് മരുന്ന് വാങ്ങൽ (144/23) |
| അടങ്കൽ | 335041/- (നോൺറോഡ്) |
| ചെലവ് | 335041/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 299978/- (BRN-22151052042200828742/28.11.2022) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF2286 /16.11.2022 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|
| Inv No 4323/19.05.23 | 1390 |
| Inv No 2557/08.05.23 | 5800 |
| Inv No 10192/21.06.23 | 7316 |
| Inv No 6200/29.05.23 | 59674 |

| | |
|---|---|
| Inv No 11484/05.07.23 | 7127 |
| Inv No 16224/17.08.23 | 5510 |
| ആകെ | 86817 |

213161/- (299978-86817) രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

2.

| | |
|---|---|
| പ്രൊജക്ട് | കിഡ്നി ക്യാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ (188/23) |
| അടങ്കൽ | 200000/- (നോൺറോഡ്) |
| ചെലവ് | 200000/-(BRN-22151052042200951194 /23.12.2022) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF2852 /08.12.2022 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|
| Inv No 3174/12.05.23 | 7635 |
| Inv No 25496/23.02.23 | 1411 |
| Inv No 3180/12.05.23 | 91370 |
| Inv No 6205/26.05.23 | 62436 |
| ആകെ | 162852 |

37148 /-(200000-162852) രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/17.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് മുഴുവൻ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് അപാകതൾ

### 1. ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

2017 ചരക്ക സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% നിരക്കിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം എന്നിവ വിതരണം ചെയ്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ സാധനങ്ങളുടെ വിലയിനത്തിൽ 2,50,000/- രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ/തിയതി/ തുക |
|---|---|
| പ്രീതി ഐശര്യ ന്യൂട്രിമിക്സ്, NHG കുനിയിൽ | 42/03.09.22/22857.6<br>41/03.09.22/138600<br>48/06.10.22/137550<br>49/06.10.22/27500.55<br>64/03.12.22/132160<br>56/04.11.22/138600<br>68/03.12.22/137620<br>57/04.11.22/28333 |

| | |
|---|---|
| | 80/27.12.23/148820<br>117/03.03.22/198590<br>02/02.04.22/95900<br>03/02.04.22/15238<br>12/30.04.22/109275<br>13/30.04.22/42855.8<br>107/02.02.23/18972<br>116/03.03.22/34286.4<br>22/06.06.22/130900<br>23/06.06.22/23095.70<br>27/06.07.22/77280<br>34/04.08.22/109550<br>09/30.05.22/18000<br>ആകെ=1788984.05 |

2. ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടത്തിയിട്ടില്ല

കുടുംബശ്രീ യൂനിറ്റുകൾ മുഖേന വിതരണം ചെയ്ത ന്യൂട്രിമാം ,ഗ്രാവി പ്രോ എന്നീ ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമക്കുകയും ചെയ്തിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 31/18.09.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സർക്കാർ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും, സ്ഥാപനം GST തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സ്ഥാപനം ജി.എസ്.ടി. അടവാക്കിയതിന്റെ റിട്ടേൺ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ 64/23 |
| ചെലവ് | 1118700/- പൊതുവിഭാഗം സാധാരണ വിഹിതം<br>106600/-തനത് ഫണ്ട്.<br>630000/-ബ്ലോക്ക് പഞ്ചായത്ത്<br>210000/-ജില്ലാ പഞ്ചായത്ത്<br>ആകെ- 2065300 |
| ബിൽ /വൗച്ചർ നമ്പർ | 68000/-ബിൽ നം. 1/22-23/24.09.22<br>93200/-ബിൽ നം. 3/22-23/29.10.22<br>210000/- ബിൽ നം. 09/22-23/07.02.23<br>536800/- ബിൽ നം. 2/22-23/29.10.22<br>411700/-ബിൽ നം. 18/22-23/05.03.23<br>27500/-ബിൽ നം. 17/22-23/05.03.23<br>66100/-ബിൽ നം. 16/22-23/05.03.23<br>168000/-ബിൽ നം. 19/22-23/05.03.23<br>377400/-ബിൽ നം. 8/22-23/16.01.23<br>106600/-ചെക്ക് നം 17023/29-3-23 |
| നിർവ്വഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ കണ്ടു.

1. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി.എ-1/19/2019/തസ്വഭവ. തിയതി 25.01.2019 നമ്പർ സർക്കുലർ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് മതിയായ തുക നീക്കിവെക്കുന്നുണ്ടെന്ന് ICDS/CDPO ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. രജിസ്റ്ററുകളോ മറ്റ് രേഖകളോ സൂക്ഷിക്കാത്തതിനാൽ ആയത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2.അർഹമായതിലും അധികം തുക നൽകി

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022ത.സ്വ.ഭ.വ തിയ്യതി 28.05.2022 ഖണ്ഡിക 7.1.6 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠന സഹായികൾക്കുള്ള ബത്ത, യാത്രാ ബത്ത, ഉല്ലാസ യാത്രാ ചെലവുകൾ എന്നിവ ഉൾപ്പെടെ 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സിന് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

മേൽ പ്രൊജക്റ്റിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട തുകയിലും കൂടുതൽ നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാനസിക വൈകല്യം

| വിദ്യാർത്ഥിയുടെ പേര്/ അക്കൌണ്ട് നമ്പർ | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ (നൽകാവുന്ന തുക ,ഉല്ലാസ യാത്രാബത്ത ഒഴികെ -27500) | അധികം നൽകിയത് |
|---|---|---|
| ANAN HASSAN<br>SBIN007070311<br>67309015262 | ബിൽ നം 1/24-09-22 28500+ ബിൽ നം 2/29-10-22 12000 ബിൽ നം 18/05-03-23 7000<br>തനത് ഫണ്ട്-29-3-23-1500<br>49000 | 21500/- |
| MUHAMMED ADIL<br>BKID 0008559<br>858910110003539 | ബിൽ നം 19/05-03-23 3500+ ബിൽ നം 8/16-01-23 27500<br>31000 | 3500/- |

ശാരീരിക വൈകല്യം

| വിദ്യാർത്ഥിയുടെ പേര്/ അക്കൌണ്ട് നമ്പർ/പഠിക്കുന്ന കോഴ്സ് | സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ (നൽകാവുന്ന തുക -13000-ബിരുദം) | അധികം നൽകിയത് |
|---|---|---|
| AJITH MOHAN | ബിൽ നം 1/24-9-22 -11000 | 9000/- |

| | | |
|---|---|---|
| SBIN0070797<br>67367040289/ബിരുദം | ബിൽ നം 3/29-10-22 -11000<br>=22000/- | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/18.09.23) 2021-22 സാമ്പത്തിക വർഷത്തിൽ സ്കോളർഷിപ്പ് നൽകാൻ കഴിയാത്ത കുട്ടികൾക്കാണ് അധികം നൽകിയിട്ടുള്ളത് എന്നാണ് വാക്കാൽ മറുപടി നൽകിയിട്ടുള്ളത്.എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല ആയതിനാൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുക അധികം നൽകിയതിന് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 187/23 |
| പേര് | : | കോക്ലിയാർ ഇംപ്ലാന്റ് ചെയ്തവർക്ക് ശ്രവണസഹായി ധനസഹായം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക (₹) | : | 100000/- (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : | 100000/- |
| ബിൽ നമ്പർ / തീയതി | : | 221510520416011818 71 തീയതി.01.02.2023 |

മേൽ പ്രൊജക്ട് പ്രകാരം ശ്രീമതി റിസ ഫാത്തിമ എ പി,D/o.അബൂബക്കർ , ശ്രീമതി ലക്ഷ്മി സികെ D/o മുരളീധരൻ സികെ എന്നീ ഗുണഭോക്താക്കൾക്ക് കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിന് വേണ്ടി 100000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മോൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.38/18.09.2023) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക(100000/-രൂപ ) തടസ്സം ചെയ്യുന്നു.

## 1-20 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 11,00000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം നൽകൽ(ജനറൽ) 87/23 | 500000 | 71/29.10.22 (വികസന ഫണ്ട് ജനറൽ) |
| എസ്.എസ്.എ തുക വിഹിതം നൽകൽ(എസ്.സി) 88/23 | 121828 | 70/28.10.22 (വികസന ഫണ്ട് എസ്.സി.പി) |
| ആകെ | 1243656 | |

1)പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2)പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 1/12.9.23 ന് മറുപടി നൽകിയിട്ടില്ല.ഭാവിയിൽ പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജറാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 12,43,656രൂപ തടസ്സം ചെയ്യുന്നു.

## 1-21 ഐ. കെ. എം വിഹിതം കൈപറ്റ് ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഐ. കെ. എം വിഹിതം നൽകൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട കൈപറ്റ് ലഭ്യമായിട്ടില്ല.

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | ബിൽ നമ്പർ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 89/23 എെ.കെ.എം. വിഹിതം നൽകൽ | 68/28.10.22 | 70,000 വികസന ഫണ്ട് (ജനറൽ) | എെ.കെ.എം. ഡിമാന്റ് നോട്ടീസ് നമ്പർ 1246-എ7/IKM/22/1.7.22പ്രകാരം തുക എെ.കെ.എം ന് നൽകിയിച്ചുണ്ടെങ്കിലും 12,790 രൂപ കെപറ്റിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്( രശീതി നമ്പർ 25443/8.3.23). ബാക്കി 70,000 രൂപ കെപറ്റിയതിന്റെ രശീതി ഫയലിൽ ലഭ്യമല്ല. |
| 96/23 എെ.കെ.എം. വിഹിതം നൽകൽ | 231/7.3.23 | 12790 വികസന ഫണ്ട് (ജനറൽ) | |
| | ആകെ | 82790 | |

കൈപറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 2/12.9.23 ന് മറുപടി നൽകിയിട്ടില്ല. 70,000രൂപയുടെ കൈപറ്റ് കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-22 വൈദ്യുതീകരണ പ്രവൃത്തികൾ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ

മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെട്ടതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 20000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ വൈദ്യുതീകരണ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ .

1. വിളയിൽ അംഗനവാടി കെട്ടിടം വൈദ്യുതീകരണം -അപാകതകൾ

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 205/23-വിളയിൽ അംഗനവാടി വൈദ്യുതീകരണം | അടങ്കൽ/ഫണ്ടിനം | 123686 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,11,116 | ബിൽ നം: /തീ: | 290/24.3.23 |
| കോൺട്രാക്ട് | ഫസൽ .കെ.വി(എസ്റ്റിമേറ്റ് ) | എഗ്രിമെന്റ് | 08/22-23 /09.12.22 |
| എംബുക്ക് | 2/22-23 | - | - |
| നിർവ്വഹണം | സെക്രട്ടറി | | |

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപന എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും (4000/-രൂപ ) കോൺട്രാക്ടർ ശ്രീ.ഫസൽ,സി.വി.യുടെ 100100163148 (FDR)എന്ന അക്കൗണ്ടിലേക്കും കോൺട്രാക്ടർക്ക് നൽകേണ്ട 105347 രൂപ ശ്രീ.അബൂബക്കർ സി.കെ( (ജില്ലാ പഞ്ചായത്ത് ടെക്നിക്കൽ കമ്മറ്റി (ഇലക്ട്രിക്കൽ)അംഗം) യുടെ 67156870219 (SBI) ബാങ്ക് അക്കൗണ്ടിലേക്കുമാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രംവാങ്ങിയതായി കാണുന്നില്ല.

4)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനൽ(ശ്രീ. അബൂബക്കർ,ശ്രീ.അലികുന്നത്ത്,ശ്രീസുൾഫിക്കർ .എൻ). തന്നെയാണ് നിർവഹിക്കുന്നത് .

5)മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല

2.)മൃഗാശുപത്രി കെട്ടിട വൈദ്യുതീകരണം.

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 204/23-മൃഗാശുപത്രി കെട്ടിട വൈദ്യുതീകരണം. | അടങ്കൽ/ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1,99,893 | ബിൽ നം: /തീ: | 232/7.3.23 |
| കോൺട്രാക്ട് | മോഹനൻ .കെ(എസ്റ്റിമേറ്റ് ) | എഗ്രിമെന്റ് | 7/22-23 /30.11.22 |
| എംബുക്ക് | 1/22-23 | - | - |
| നിർവ്വഹണം | സെക്രട്ടറി | | |

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

3)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക തുടങ്ങി ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും സാങ്കേതികാനുമതിക്കായുള്ള പാനല് (ശ്രീ. അബൂബക്കർ,ശ്രീ.അലികുന്നത്ത്,ശ്രീസുൾഫിക്കർ .എൻ). തന്നെയാണ് നിർവഹിക്കുന്നത്
(4)മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല .

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/13.9.23ക്ക് നൽകിയ മറുപടിയിൽ കോൺട്രാക്ടർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു.തുക തിരികെ ഈടാക്കിയ വിവരം അറിയിക്കേണ്ടതും ഭാവിയിൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രവൃത്തികൾ നടത്തുമ്പോൾ സർക്കാർ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-23 പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ- അപാകതകൾ .

2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വസ്തു ആർജിക്കലും കയ്യൊഴിയലും ചട്ടങ്ങളിലെളിലെ ചട്ടം 3, ഉപ ചട്ടം 3 പ്രകാരം ഉഭയസമ്മതപ്രകാരമുള്ള വസ്തു ആർജിക്കൽ അടിസ്ഥാനപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിപ്രകാരം പഞ്ചായത്തിലെ വാർഡ് 15 ൽ മുണ്ടക്കുളത്ത് നിലവിലുള്ള മിനി സ്റ്റേഡിയം വിപുലീകരിക്കുന്നതിനായി ശ്രീ.മുഹമ്മദ് റാഫി പുത്തൂർ പള്ളിക്കൽ, ശ്രീ.നവാസ് വടക്കേച്ചാലിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള മുതുവല്ലൂർ വില്ലേജ്,ബ്ലോക്ക് 13,റീ സർവ്വേനമ്പർ 167/7-2 ൽ ഉൾപ്പെട്ട 18.02 ആർ(44.50 സെന്റ്) ഭൂമി ഭരണസമിതിയുടെ 28.2.23 ലെ 2(1) നമ്പർ തീരുമാനത്തിന്റെയും തദ്ദേശ സ്വയം ഭരണജോയിന്റ് ഡയറക്ടറുടെ 21.3.2023 ലെ DDP-MPM/2491 /2022D5-KDis നമ്പർ ഉപാധികളോടെയുള്ള അനുയോജ്യതാ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവ് തുക | വാങ്ങിയ ഭമി |
|---|---|---|---|
| 47/23-പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ | 22151052011801492297/27.3.23 | 10,00,000 ജില്ലാ പഞ്ചായത്ത് വിഹിതം | ആധാരം നമ്പർ.670/1 /2023/23.3.23. റീസർവ്വേ നമ്പർ167/7-2 (18.02 ആർസ്) |
| 69/23പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ | 22200896/27.03.23 | 5,39,811 തനത് ഫണ്ട് | |
| | 330/28.3.23 | 1,82,000 | |

| | | | |
|---|---|---|---|
| | | വികസന ഫണ്ട് | |
| | ആകെ | 17,21,811 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു

1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ തിയതി 28.5.2022 ഖണ്ഡിക 8.1.4 പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന ഭൂമി നൽകാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ നഷ്ട പരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ച്കൊണ്ട് ഭരണ സമിതി ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി 30% വരെ സൊലേഷ്യം നൽകാവുന്നതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വാങ്ങിയ ഭൂമിയുടെ ഉടമസ്ഥരായ ശ്രീ.മുഹമ്മദ് റാഫി പുത്തൂർ പള്ളിക്കൽ, ശ്രീ.നവാസ് വടക്കേച്ചാലിൽ എന്നിവർ 27.12.22 ലെ കത്ത് പ്രകാരം സർക്കാർ നിശ്ചയിച്ച വിലക്ക് ഭൂമി നൽകാൻ തയ്യാറാണ് എന്ന് അറിയിച്ചിരുന്നു. തഹസിൽദാർ 6.4.22ലെ സി1- 122/2022 നമ്പർ നടപടി ക്രമം പ്രകാരം ഈ ഭൂമിക്ക് ആർ ഒന്നിന് 73500 രൂപയാണ് നിശ്ചയിച്ചത്. എന്നാൽ ഈ നിരക്ക് അംഗീകരിക്കാൻ മേൽ വ്യക്തികൾ തയ്യാറായില്ല. ഒരു സെന്റിന് 50000 രൂപ നൽകണമെന്ന് ആവശ്യം ഉന്നയിച്ച് ഉടമസ്ഥർ 19.8.22 ന് കത്ത് നൽകുകയുണ്ടായി. ഗ്രാമപഞ്ചായത്ത് പ്രസ്തുത വ്യക്തികളുമായി നെഗോസിയേഷൻ നടത്താതെ ഭൂഉടമകളുടെ 19.8.22 ലെ കത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ഉടമസ്ഥന് 30% സൊലേഷ്യം അനുവദിക്കാൻ തീരുമാനിച്ചു. ഇതുമൂലം ഗ്രാമപഞ്ചായത്തിന് 3,97,341 രൂപ അധികചെലവ് ഉണ്ടായിട്ടുണ്ട്.(സർക്കാർ നിശ്ചയിച്ച വില. 18.02 X73500 =1324470x30%= 3,97,341.) ഭൂഉടമസ്ഥർ 27.12.22 ലെ കത്ത് പ്രകാരം നൽകിയ അണ്ടർടേക്കിംഗ് നിയമപരമായി നിലനിൽക്കുന്ന രീതിയിൽ തയ്യാറാക്കി കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ ഈ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു എന്ന് കാണുന്നു. ആയത് ചെയ്യാതിരുന്നത് വീഴ്ചയാണ്.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/15.9.23 ന് നൽകിയ മറുപടിയിൽ തഹസിൽദാർ നിശ്ചയിച്ച തുക തുച്ഛമായതിനാലും സ്ഥലം പഞ്ചായത്തിന് നഷ്ടപ്പെടാതിരിക്കാനുമാണ് പഞ്ചായത്തിന്റെ ഉത്തമ താൽപര്യം പരിഗണിച്ച് പദ്ധതി നടപ്പാക്കിയത് എന്ന് അറിയിച്ചു. ഭൂവുടമസ്ഥരിൽ നിന്നും വെള്ള പേപ്പറിൽ അണ്ടർടേക്കിംഗ് വാങ്ങുന്നതിന് പകരം ആയത് രജിസ്റ്റർ ചെയ്ത് വാങ്ങാതിരുന്നതിനുള്ള കാരണം സംബന്ധിച്ച് ഒന്നും മറുപടിയിൽ പറഞ്ഞിട്ടില്ല. ആയതിനാൽ ഗ്രമാ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യം മുൻ നിർത്തി ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കുന്നതിൽ ഉത്തരവാദപ്പെട്ടവരിൽ നിന്നും വീഴ്ച വന്നിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2) സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ തിയതി 28.5.2022 ഖണ്ഡിക 8.1.2 പ്രകാരം ഏത് ആവശ്യത്തിനാണോ ഭൂമി വാങ്ങുന്നത് പ്രസ്തുത ആവശ്യത്തിന് പര്യാപ്തമായ അത്ര മാത്രമേ ഭൂമി വാങ്ങാവൂ എന്ന് നിഷ്കർഷിച്ചുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത ഭൂമി വാങ്ങുന്നതിന് മുമ്പ് സ്റ്റേഡിയം വിപുലീകരിക്കാൻ എത്ര ഭൂമി വേണം എന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയോ ചെയ്യാതെ വിൽപനക്കാരുടെ കൈവശമുള്ള 18.02 ആർ ഭൂമി വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള സ്റ്റേഡിയത്തിന് 80ആർ വിസ്തീർണ്ണമുണ്ട്. വാങ്ങിയ ഭൂമി ഉൾപ്പെടെ ആകെ വിസ്തീർണ്ണം 98.02 ആർ ആണ്( 2 ആക്കർ 42 സെന്റ്) . ഈ ഭൂമി നിർദ്ദിഷ്ട സ്റ്റേഡിയത്തിന് ആവശ്യമാണോ എന്ന് വ്യക്തമല്ല.ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/15.9.23 ന് നൽകിയ മറുപടിയിൽ സപോർട്സ് കൗൺസിൽ സ്ഥലം പരിശോധിച്ചതിന്റെയടിസ്ഥാനത്തിലാണ് സ്ഥലം ഏറ്റെടുത്തത് എന്ന് അറിയിച്ചു. എന്നാൽ സപോർട്സ് കൗൺസിൽ അനുയോജ്യതാ സാക്ഷ്യപത്രം നൽകുകമാത്രമാണ് ചെയ്തത്. ഈ മറുപടി ഭൂമിയുടെ ആവശ്യകത സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പഠനം നടത്തുകയോ ചർച്ചചെയ്യുകയോ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയോ ചെയ്തിട്ടില്ല എന്ന ഓഡിറ്റ് നിരീക്ഷണം ശരിവയ്ക്കുന്നുണ്ട്.

3. ഫയലിൽ ലഭ്യമാക്കിയ വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 25.1.22 ലെ3472/2022 നമ്പർ ബാധ്യതാ സർട്ടിഫിക്കറ്റ് പ്രകാരം ഈ ഭൂമിയുടെ ഉടമകളും (മുതുവല്ലൂർ വില്ലേജ്,ബ്ലോക്ക് 13,റീ സർവ്വേനമ്പർ 167/7-2 ൽ ഉൾപ്പെട്ട18.02 ആർ, 44.50 സെന്റ്) പാനോളി മുജീബ് റഹ്മാൻ ഉൾപ്പടെ 6 വ്യക്തികളും 24.7.2019 ന് 1268/2019 നമ്പർ ആയി ഒപ്പ് വച്ച ഉടമ്പടി പ്രകാരം ഈ ഭൂമി ചെങ്കൽ ഖനനത്തിന് ലീസിന് നൽകിയിട്ടുണ്ട്. പ്രസ്തുത കരാർ ഉടമ്പടി പ്രകാരം ചെങ്കൽ ഖനനത്തിന് ശേഷം പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന വിലക്ക് ഗ്രാമപഞ്ചായത്തിന് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 21.12.21 ന് ആണ് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് ഭൂമി ആവശ്യമുണ്ട് എന്ന പത്രം പരസ്യം നൽകുന്നത്. തുടർന്ന് 27.12.22 നാണ് ഭൂവുടമകൾ ഭൂമി നൽകാൻ തയ്യാറാണെന്ന് അറിയിച്ച് അണ്ടർടേക്കിംഗ് നൽകുന്നത്. ഈ വാങ്ങൽ നടപടികൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സ്ഥലമുടമകൾ ഒപ്പ് വച്ച ഉടമ്പടി ഗ്രാമപഞ്ചായത്തിന്റെ പരിഗണനയിൽ വന്നിരുന്നില്ല എന്നാണ് അറിയിച്ചത്.

4. അസിസ്റ്റന്റ് എഞ്ചിനിയറുടെ 20.12.21 ലെ AE/Mvk/21-22 സൈറ്റ് റിപ്പോർട്ട് പ്രകാരവും സ്പോർടസ് കൗൺസിലിന്റെ 21.3.2022ലെ അനയോജ്യതാ സാക്ഷ്യപത്ര പ്രകാരവും പ്രസ്തുത ഭൂമി നിലവിലുള്ള ഗ്രൗണ്ടിൽ നിന്നും 4 മീറ്റർ താഴ്ചയിലുള്ളതാണ് എന്നും മണ്ണിട്ട് നികത്തി മതിൽകെട്ടി സംരക്ഷിക്കുന്നതിന് ഭീമമായ ചെലവ് വരുമെന്നും, മണ്ണിട്ട്

നികത്തുന്നതിന് ജിയോളജി വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വരുന്ന അധിക ചെലവ് എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കാമെന്ന വാർഡ് മെമ്പറുടെ അഭിപ്രായം 7.3.22 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരെ എം.എൽ.എ ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ.ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഈ വർഷം സ്റ്റേഡിയ നവീകരണത്തിനായി എം.എൽ.എ ഫണ്ട് വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. തുടർ നടപടികൾ താമസം കൂടാതെ സ്വീകരിക്കേണ്ടതാണ്.

5.ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരം ആർജിച്ച ഭൂമി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിർത്തുന്നതിന് ജില്ലാ പഞ്ചായത്തിന് തടസ്സമില്ല എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 19.01.23ലെ പി.5-155/23 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം നാളിതുവരെ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൽപ്പെടുത്തിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/15.9.23 ന്നൽകിയ മറുപടിയിൽ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതായിരുന്നുവെന്നും ചേർക്കുന്നതാണ് എന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നു. ഭൂമി ആസ്തി രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-24 പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി മുഖേന താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് എന്നാൽ നാളിതുവരെ കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പൂർണ്ണമായും ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| പ്രൊജക്റ്റ് നമ്പറും പ്രൊജക്റ്റിന്റെ പേരും | വൗച്ചർ നമ്പർ | ചെലവ് തുക | പ്രൊഫോർമ ഇൻവോയ്സ് | അപാകതകൾ |
|---|---|---|---|---|
| 217/23 പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 122/26.12.22 | 1,74,964 വികസന ഫണ്ട് (ജനറൽ) | 44104/26.1222 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 54954 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഡെസ്ക് ടോപ്പ് ലഭ്യമാക്കിയിട്ടില്ല. |
| | | | 44092/24.12.22 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 36040 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മൾട്ടി ഫംഗ്ഷണൽ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല. |
| | | | 44013/26.1222 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 36694 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ലേസർ പ്രിന്ററുകൾ(2 എണ്ണം) ലഭ്യമാക്കിയിട്ടില്ല. |
| | | | 44091/26.1222 | കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 48276 രൂപ നൽകി |

| | | | | |
|---|---|---|---|---|
| | | | | ലാപ്പ് ടോപ്പ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സോറ്റിക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല. |
| | ആകെ | 174964 | | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16/15.9.23 ന് നൽകിയ മറുപടിയിൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട് എന്ന് അറിയിച്ചു. പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായതിന്റെ യഥാർത്ഥ ഇൻവോയ്സ് സഹിതം സറ്റോക്കിലെടുത്ത വിവരം അറിയിക്കേണ്ടതാണ്.

## 1-25 വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തനത്ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ

| ഇനം | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| ശുചിത്വ മിഷൻ അന്താരാഷ്ട്ര കോൺക്ലേവിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം | 22200718/28.1.23 | 25000- തനത് ഫണ്ട് | ശുചിത്വ മിഷൻ ജില്ലാകോർഡിനേറ്ററുടെ 23.1.23ലെ168/2022/DSM നമ്പർ ഉത്തരവ് പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം , കോൺക്ലവിന് വെബ് പോർട്ടലിൽ ഓൺലൈൻ രജിസ്ട്രേന് നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. |
| തദ്ദേശ സ്വയം ഭരണ ദിനാഘോഷം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | 22200779/ 20.2.23 | 30,000 | തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.1.23 ലെ PDLSGD 65/23 നമ്പർ കത്ത് പ്രകാരം തുക കൈമാറിയിട്ടുണ്ടങ്കിലും കൈപറ്റ്,വിനിയോഗവിവരം എന്നിവ ലഭ്യമല്ല. |
| | ആകെ | 55,000 | |

ഈവിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/17.9.23 ന് മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

പൊതു ടാപ്പുകളിലെ വെള്ളക്കരം അടവാക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവ് തുക |
|---|---|---|
| 1 | 22200038/20.4.22 | 6270 |
| 2 | 22200087/17.5.22 | 6270 |
| 3 | 22200180/16.6.22 | 6270 |
| 4 | 22200263/20.7.22 | 6270 |
| 5 | 22200314/15.8.22 | 6270 |

| | | |
|---|---|---|
| 6 | 22200413/28.9.22 | 6270 |
| | ആകെ | 37620 |

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) സഉ(സാ.ധാ)1275/2009/ത.സ്വ.ഭ.വ തിയതി30.6.2009പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കേരള ജല അതോറിറ്റിയമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം (നമ്പർ തീയ്യതി ഇല്ല.) 18 ടാപ്പുകളിൽ 13 ടാപ്പുകളാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. നിലവിൽ 13 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. മേൽപ്പറഞ്ഞ സംയുക്ത പരിശോധന എന്ന് നടത്തിയതാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് വ്യക്തത നൽകേണ്ടതാണ്. നിലവിൽ വെള്ളക്കരം അടവാക്കിവരുന്ന ടാപ്പുകൾ മുഴുവനും പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമല്ല.

2) 28.9.22 ന് ശേഷം വെള്ളക്കരം അടവാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/18.9.23 ന് മറുപടി നൽകിയിട്ടില്ല.നിലവിൽ വെള്ളക്കരം അടവാക്കിവരുന്ന ടാപ്പുകൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 ഞങ്ങളും കൃഷിയിലേക്ക്- CDS മുഖേന പച്ചക്കറി തൈ വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല-50,000 രൂപ അധികം നൽകി

കൃഷി ഓഫീസർ നിർവഹണം നടത്തിയ ഞങ്ങളും കൃഷിയിലേക്ക്- CDS മുഖേന പച്ചക്കറി വിത്ത് വിതരണം എന്ന പദ്ധതി പ്രകാരം 300000 രൂപ ചെലവഴിച്ച് കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരു പച്ചക്കറി തൈക്ക് 3 രൂപ നിരക്കിൽ 100000 പച്ചക്കറി തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| ഞങ്ങളും കൃഷിയിലേക്ക്- CDS മുഖേന പച്ചക്കറി തൈ വിതരണം (81/23) | 200001 (വികസന ഫണ്ട് ജനറൽ) | 107/14.12.22 | 1036/6.3.23 (66667 എണ്ണം) |
| | 99,999 (വികസന ഫണ്ട് ജനറൽ) | 169/9.2.23 | 432/3.2.23 (33333 എണ്ണം) |
| ആകെ | 3,00,000 | | 100000 |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1).ഈ പദ്ധതിക്കായി കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ /28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് പച്ചക്കറിതൈ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

2) കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിന് പച്ചക്കറിതൈക്ക് 50,000 രൂപ അധികം നൽകി.

മലപ്പുറം ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയേറ്റിന്റെ 3.11.2022 ലെ 1212/2022-23/DPC/DPO/MPM നമ്പർ 2022-23 വർഷത്തെ യൂണിറ്റ് കോസ്റ്റ് നിരക്ക് ക്രമ നമ്പർ 23 പ്രകാരം പച്ചക്കറി തൈ 1 എണ്ണത്തിന് നിശ്ചയിച്ച വില 2.5 രൂപയാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരുതൈക്ക് 3 രൂപ എന്ന നിരക്കിലാണ് പച്ചക്കറി തൈ വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ

| ഇൻവോയ്സ് നമ്പർ | വാങ്ങിയ തൈ | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| 432/3.2.23 | 66667 എണ്ണം | 166667.5 | 200001 | 33333.5 |
| 432/3.2.23 | 33333 എണ്ണം | 83332.5 | 99991 | 16666.5 |
| | | | | 50,000 |

3). പച്ചക്കറി തൈകൾ വിതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും ആയത് CDS കൈപറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.കാർഷിക കർമ്മസേന മുഖേനയാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/18.9.23 ന് കാർഷിക കർമ്മസേന മാനേജർ

വാക്കാൽ നൽകിയ മറുപടിയിൽ ഹൈബ്രിഡ് തൈകളാണ് വിതരണം ചെയ്തത് എന്ന് അറിയിച്ചു. എന്നാൽ പച്ചക്കറി തൈകൾ വിരണം ചെയ്ത കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സിലോ, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിലോ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ സ്റ്റോക്ക്-വിതരണ രജിസ്റ്ററിലോ ഹൈബ്രിഡ് പച്ചക്കറി തൈകൾ വിതരണം നടത്തിയതായി രേഖപ്പെടുത്താത്തതിനാലും ( ഇവയിൽ എല്ലാം പച്ചക്കറി തൈ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്) സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ ഹൈബ്രിഡ് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാലും (പ്രസ്തുത മാർഗരേഖ ഖണ്ഡിക 5-(2) പ്രകാരം മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോട് കൂടി മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഹൈബ്രിഡ് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് മുൻകൂർ സർക്കാർ അനുമതി വാങ്ങിയിട്ടില്ല.) ഈ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 50,000 രൂപ ജില്ലാ ആസൂത്രണ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന് വിരുദ്ധമായി കാർഷിക കർമ്മസേന മുതുവല്ലൂരിന് അധികം തുക അനുവദിച്ച കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് പച്ചക്കറി തൈ വാങ്ങിയതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ബാക്കി തുക 2,50,000 (3,00,000-50,000 )തടസ്സം ചെയ്യുന്നു.

## 1-28 കാർഷിക സേവന സബ്സിഡി കർഷകർ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ കാർഷിക സേവന സബ്സിഡി എന്ന പദ്ധതി പ്രകാരം 50,000 രൂപ ട്രാക്ടർ ഉപയോഗിച്ച് നിലം ഉഴുതതിന് 41 ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| കാർഷിക സേവന സബ്സിഡി (77/23) | 50000 (വികസന ഫണ്ട് ജനറൽ) | 22151051052041901312622/ 8.3.23 |
| ആകെ | 50,000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ ഗ്രാമ പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് കൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

2)സബ്സിഡിതുക പൂർണ്ണമായും കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിനാണ് (അക്കൗണ്ട് നമ്പർ 68880100003224. ബാങ്ക് ഓഫ് ബറോഡ) നൽകിയിട്ടുള്ളത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 28/18.9.23 ന് മറുപടി നൽകിയിട്ടില്ല. വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-29 കവുങ്ങ് തൈ വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ കവുങ്ങ് തൈ വിതരണം പദ്ധതി പ്രകാരം 1,20,000 രൂപ ചെലവഴിച്ച് കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും കവുങ്ങ് തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| കവുങ്ങ് തൈ വിതരണം(80/23) | 90,000 (വികസന ഫണ്ട് ജനറൽ) | 99/12.12.22 | 514/10.2.23<br>30രൂപ നിരക്കിൽ 4000 തൈകൾ 133കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട് |
| | 30,000 ണഭോക്തൃ വിഹിതം | 16668/21.12.22 | |
| ആകെ | 1,20,000 | | |

1).ഈ പദ്ധതിക്കായി കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ /28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 5 ലെ 2-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് തൈകൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ 1,20,000 രൂപയും കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിന്റെ 68880100003224എന്ന അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.ആയത് ക്രമ പ്രകാരമല്ല.

2) സബ്സിഡ് മാർഗ്ഗരേഖ പ്രകാരം കവുങ്ങിൻ തൈക്ക് ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കേണ്ടതുണ്ട്. എന്നാൽ നിർണ്ണയിച്ചിട്ടില്ല. ഇപ്രകാരം യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കാത്ത തൈകൾ കാർഷിക സർവ്വകലാശാലയോ അല്ലെങ്കിൽ സർക്കാരോ നിശ്ചയിച്ച നിരക്കിലാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം വില താരതമ്യം ചെയ്തിട്ടില്ല.

3). 133 കുടുംബങ്ങൾക്ക് ഗുണഭോകതൃവിഹിതം പിരിച്ച് തൈ വിതരണം ചെയ്തതായി പറയുന്നുണ്ടെങ്കിലും ആയത് ഗുണഭോക്താക്കൾ കൈപറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/18.9.23 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ മാർഗ്ഗനിർദേശങ്ങൽക്ക് വിരുദ്ധമായി വാങ്ങൽ നടപടി ക്രമങ്ങൾ(ക്വട്ടേഷൻ/ടെണ്ടർ ) പാലിക്കാതെ കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും കവുങ്ങ് തൈ വാങ്ങി വിതരണം നടത്തിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-30 മൺചട്ടിയിൽ പച്ചക്കറി കൃഷി വ്യാപനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ ഞങ്ങളും കൃഷിയിലേക്ക്- മൺചട്ടിയിൽ പച്ചക്കറി വ്യാപനം എന്ന പദ്ധതി പ്രകാരം 7,62,000 രൂപ ചെലവഴിച്ച് കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും മൺചട്ടിയിൽ പച്ചക്കറി തൈകൾ വാങ്ങി താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| ഞങ്ങളും കൃഷിയിലേക്ക്- മൺചട്ടിയിൽ പച്ചക്കറി കൃഷി വ്യാപനം(73/23) | 4,50,000 (വികസന ഫണ്ട് ജനറൽ) | 184/14.2.23 | 441/10.2.23<br>300 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട് |
| | 1,21,500 (വികസന ഫണ്ട് ജനറൽ) | 238/8.3.23 | 1036/6.3.23<br>81 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട് |
| | 1,50,000 (ഗുണഭോക്തൃ വിഹിതം) | 16927/4.3.23 | |
| | 40500(ഗുണഭോക്തൃ വിഹിതം) | 16943/10.3.23 | |
| ആകെ | 7,62,000 | | |

.ഈ പദ്ധതിക്കായി കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ /28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് തൈകൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/17.9.23 മറുപടി നൽകിയിട്ടില്ല. സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ കാർഷിക കർമ്മസേന മുതുവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും മൺചട്ടിയിൽ പച്ചക്കറി തൈ വാങ്ങി നൽകിയതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. സാധൂകരണം ലഭ്യമാകാത്ത പക്ഷം തുക തിരിച്ചടക്കേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-31 സുസ്ഥിര നെൽകൃഷി വികസനം- കർഷകർ വിള ഇൻഷുറൻ എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

കൃഷി ഓഫീസർ നിർവഹണം നടത്തിയ സുസ്ഥിര നെൽകൃഷി വികസനം എന്ന പദ്ധതി പ്രകാരം 13000 രൂപ

ചെലവഴിച്ച് താഴെ പറയും പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| സുസ്ഥിര നെൽകൃഷി വികസനം (85/23) | 13000 (വികസന ഫണ്ട് ജനറൽ) | 178/13.2.23 |
| ആകെ | 13000 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 9 (A) ലെ തരിശുകൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു നിർദേശങ്ങളിലെ 5ാമത്തെ നിബന്ധന പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| ഫക്രുദ്ധീൻ .ടി | 8000 |
| ഷൗക്കത്തലി | 5000 |
| ആകെ | 13000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/17.9.23 ന് മറുപടി നൽകിയിട്ടില്ല. വിള ഇൻഷ്യൂറൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-32 ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രോജക്റ്റ് പ്രകാരമുള്ള രേഖകൾ പൂർണ്ണമായും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1-32-1 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ

| പ്രൊജക്റ്റ് | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ (192/23) |
|---|---|
| ചെലവ് | ഡെവലപ്പെമെന്റ് ഫണ്ട് ജനറൽ<br>220000/- രൂപ<br>ബിൽ നം 274/16-03-23-129914/-രൂപ<br>ബിൽ നം 427/30-03-23-47200/-രൂപ<br>ബിൽ നം 427/30-03-23-42886/-രൂപ |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്റ്റ് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 274/16-03-23 പ്രകാരം കേരള വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയ 129914/-രൂപ യുടെ ചെലവു രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

അവശേഷിക്കുന്ന 90086/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 30/18-09-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായ രേഖകൾ ഹാജരാക്കുന്നതുവരെ 90086/- രൂപ തടസ്സം ചെയ്യുന്നു.

### 1-32-2 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ

| പ്രൊജക്റ്റ് | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ (131/23) |
|---|---|
| ചെലവ് | ഡെവലപ്പെമെന്റ് ഫണ്ട് ജനറൽ<br>270000/- രൂപ<br>ബിൽ നം 242/8-03-23-199715/-രൂപ<br>ബിൽ നം 420/30-03-23-70285/-രൂപ |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബിൽ നമ്പർ 242/8-03-23 പ്രകാരം കേരള വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയ 199715/-രൂപ യുടെ ചെലവു രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

അവശേഷിയ്ക്കുന്ന 70285/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 30/18-09-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായ രേഖകൾ ഹാജരാക്കുന്നതുവരെ 70285/- രൂപ തടസ്സം ചെയ്യുന്നു.

## 1-33 ഭവനപുനരുദ്ധാരണം - പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി | ഭവനപുനരുദ്ധാരണം- ജനറൽ SO 55/23 |
| നിർവ്വഹണം | വി.ഇ.ഒ |
| അടങ്കൽ | 1125000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1095000/-<br>BRN<br>22151052041800198938/14.06.2022-1065000/-<br>BRN<br>22151052041800773739/15.11.2022-15000/-<br>BRN 22151052041800912070/15.12.2022 |

ഭവനപുനരുദ്ധാരണം- ജനറൽ പദ്ധതിക്കായി കരാറിൽ ഏർപ്പെട്ട് 2021-22 വർഷത്തിൽ മുൻകൂർ കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ച 2021-22 പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകുന്നതിനാണ് മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.. പ്രവൃത്തി പൂർത്തീകരിച്ചവർക്ക് 25000 രൂപ വീതമാണ് സബ്സിഡി നൽകിയിട്ടുള്ളത്. എന്നാൽ 2021-22 വർഷത്തിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ച് തുക മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തിയ്യതി |
|---|---|---|---|
| 1 | കദീശ.ടി.പി<br>വാർഡ് 13 | 15000/- | 28.01.2022 |
| 2 | ദാക്ഷായണി<br>വാർഡ് 12 | 15000/- | 15.03.2022 |

നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലായെങ്കിൽ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 11/14.09.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് താഴെപ്പറയും പ്രകാരം മറുപടി ലഭ്യമാക്കി.
ശ്രീമതി.കദീശ.ടി.പി എന്നവർ എഗ്രിമെന്റ് വെച്ച് അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ജീർണ്ണാവസ്ഥയിൽ ആയ പ്രസ്തുത ഭവനം പുനരുദ്ധാരണം ചെയ്ത് വാസയോഗ്യമാക്കാൻ സാധിക്കാത്തതിനാൽ പുനരുദ്ധാരണ പ്രവൃത്തി നിർത്തിവെക്കുകയാണുണ്ടായതെന്നും കൈപ്പറ്റിയ തുക തിരിച്ചടക്കാമെന്ന് ഗുണഭോക്താവ് രേഖാമൂലം എഴുതി നൽകിയതായും (പകർപ്പ് ഹാജരാക്കി) ആയത്ിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ ശ്രീമതി. ദാക്ഷായണി എന്നവർ കിടപ്പിലായതിനാൽ ഏകാംഗ കുടുംബമായതിനാൽ ടിയാരിക്ക് തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തി സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ PAN/3173/2021/J1(DP)/31.10.2022 നമ്പർ സർക്കുലർ പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വാർഡ് ഒന്നിന് 3000/-രൂപ നിരക്കിൽ പഞ്ചായത്തുകൾ അടിയന്തിരമായി പദ്ധതി തയ്യാറാക്കുന്നതിനും എല്ലാ ജില്ലകളിലും 2022 നവംബർ 30 ന് മുൻപ് R Track Data Collection & Processing പൂർത്തീയാക്കുന്നതിനാവശ്യമായ നടപടികൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ (237/23) പദ്ധതിക്കായി 22500/- രൂപ

(തനതുഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ശ്രീ .റിഷിൽ റാം എന്നവർക്കാണ് (A/c 306839411520) തുക നൽകിയിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 19/17.09.2023 മറുപടി ലഭ്യമാക്കിയില്ല)

## 1-35 ടേക്ക് എ ബ്രേക്ക് പി.എച്ച് സി യിൽ ടോയ്‌ലറ്റ് - അപാകതകൾ

| | |
|---|---|
| പദ്ധതി | ടേക്ക് എ ബ്രേക്ക് പി.എച്ച് സി യിൽ ടോയ്‌ലറ്റ് നിർമ്മാണം SO 29/23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 762135/- (228641/- CFC +533494 കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 228641/-(ബിൽ നം.61/21-10-2022 )<br><br>533494/- ചെ.നം 16542/22.10.2022 |

2021- 22 വർഷത്തിൽ നടപ്പിലാക്കിയ ടേക്ക് എ ബ്രേക്ക് വിളയിൽ പി.എച്ച് സി യിൽ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തി ചെയ്ത കരാറുകാരനായ ശ്രീ.മുഹമ്മദ് ഷാഫി .എ.കെ ക്ക് നൽകുന്നതിനാണ് മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തിയായിട്ടും ബിൽ അനുവദിക്കാതിരുന്നതിനെ തുടർന്ന് കരാറുകാരൻ കോടതിയെ സമീപിക്കുകയും , ബഹു Enquiry Commisioner & Special Judge Kozhikod ന്റെ CMP 510/2022 In V.C.08/2022/Malappuram/19.10.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ ബിൽ തുക 762135/- രൂപ (ക്വാട്ട് ചെയ്ത തുക 680478/- രൂപ + 12% GST 81657/- രൂപ) (GST+IT+KCWWF+ KCWWF Service Charge= 27220 കുറവ് ചെയ്ത) കരാറുകാരന് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിരീക്ഷണങ്ങൾ നടത്തുന്നു.

1. പ്രവൃത്തിക്കായി ടെണ്ടർ സമർപ്പിച്ച ശ്രീ.മുഹമ്മദ് ഷാഫി എന്നവർക്ക് N0.MVLR/257/2021-22/04.03.2022 പ്രകാരം സെലക്ഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ 17.03.2022 നോ അതിനുമുൻപോ ആയി കരാർ വെക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. കരാറുകാരൻ മുദ്രപത്രം ഹാജരാക്കിയതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ആയതിൽ അസി.എഞ്ചിനീയർ ഒപ്പ് വെച്ചതായോ കരാർ നമ്പർ നൽകിയതായോ കാണുന്നില്ല. സൈറ്റ് ഹാന്റ് ഓവർ ചെയ്തതായുള്ള രേഖയും കാണുന്നില്ല. പ്രവൃത്തിയുടെ അളവ് പുസ്തകവും ഇല്ല.

2. പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടില്ല എന്നും, കരാർ ചമച്ചിട്ടില്ല എന്നും, അളവുകൾ രേഖപ്പെടുത്തിയിട്ടില്ല എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോടതിയിൽ സമർപ്പിച്ച അഫിഡവിറ്റിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ ഒന്നിൽ പറഞ്ഞ രേഖകൾ മുൻനിർത്തി ബഹു.കോടതി ഈ വാദം തള്ളുകയാണുണ്ടായത്. ടെണ്ടറിന് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം സെലക്ഷൻ മെമ്മോ നൽകുക, കരാർ ഒപ്പുവയ്ക്കുക, പ്രവൃത്തിയുടെ ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും അളവ് എടുക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. മരാമത്ത് പ്രവൃത്തി നിർവ്വഹിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും ഉത്തരവുകളും ഈ പ്രവൃത്തിയുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാണ്.

3. ബഹു വിജിലൻസ് കോടതിയുടെ നിർദ്ദേശപ്രകാരം (CMP 510/2022 In V.C.08/2022/Malappuram/06.10.2022 ) 12.10.2022 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ , അസി.എഞ്ചിനീയർ, ഓവർസീയർമാർ എന്നിവർ സൈറ്റ് പരിശോധിച്ച് അളവുകൾ രേഖപ്പെടുത്തി ബിൽ തയ്യാറാക്കുകയാണുണ്ടായത്. പുറത്ത് കാണാൻ കഴിയാത്ത Steel Reinforcement Details, Inside Foundation Details എന്നിവ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിച്ചിട്ടുണ്ടാകും എന്ന് അനുമാനിച്ചും എസ്റ്റിമേറ്റിൽ ഉണ്ടായിരുന്ന പ്രവൃത്തികളിൽ ചെയ്യാത്ത പ്രവൃത്തികൾ ഒഴിവാക്കിയും തയ്യാറാക്കിയ ഈ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 590511.52/- രൂപയാണ്. എന്നാൽ അളവെടുക്കുന്ന സമയത്ത് കരാറുകാരന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല എന്നതും, പ്രവൃത്തിയുടെ ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും അളവ് എടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണെന്നും ആയത് ചെയ്തിട്ടില്ല എന്നതും പരിഗണിച്ച് പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത തുകയും ജി.എസ്.ടി യും അനുവദിക്കാൻ ബഹു. കോടതി ഉത്തരവിട്ടതിനാലാണ് മേൽ

പറഞ്ഞ പ്രകാരം ബിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച മൂലം ഈ പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിന് നിർവ്വഹിക്കാത്ത പ്രവൃത്തികൾക്ക് കൂടി പണം അനുവദിക്കേണ്ടിവന്നിട്ടുണ്ട് എന്ന് കാണുന്നു. ആയത് സംബന്ധിച്ച നഷ്ടം നിർണ്ണയിക്കേണ്ടതുണ്ട്. ഇതിന് വേണ്ട തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 18/17.09.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-36 പദ്ധതി ലക്ഷ്യം പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതി | 26/23 |
| അടങ്കൽ | 282000/- CFC (Tied Grant) |
| ചെലവ് | 281701/-( ബിൽ.നം 129/28.12.2022) |

മുക്കണ്ണൻചോല കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള GI Main Pipe മാറ്റുക, വാട്ടർ ടാങ്കിന്റെ ചോർച്ച തടയുന്നതിനായി വാട്ടർ പ്രൂഫിംഗ് നടത്തുക എന്നീ പ്രവൃത്തികൾക്കായുള്ള 210/22 നമ്പർ പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയായാണ് മുകളിൽ പരാമർശിച്ചിട്ടുള്ള പദ്ധതി. എന്നാൽ നിലവിൽ പൈപ്പ് ലൈൻ വ്യക്തികളുടെ പുരയിടങ്ങളുടെ കുറുകെ ആയതിനാൽ പ്രവൃത്തിയുടെ നിർവ്വഹണ വേളയിൽ പൈപ്പ് ലൈൻ നിലനിൽക്കുന്ന സ്ഥലത്ത് കൂടി പൈപ്പ് ലൈൻ കൊണ്ടുപോകുന്നതിന് പ്രദേശത്തെ ജനങ്ങൾ വിസമ്മതിക്കുകയുണ്ടായി. ആയതിനാൽ സൈഡിൽ കൂടി കൊണ്ടുപോകുന്നതിന് തോടിന്റെ സൈഡ് കെട്ടി അതിനുമുകളിൽ കൂടി കൊണ്ടുപോകേണ്ടതുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ടാങ്കിന്റെ നവീകരണത്തിനായി ടാങ്കിനുൾവശം പരിശോധിച്ചപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുകയിൽ നവീകരിക്കാൻ (ചോർച്ച തടയാൻ ) കഴിയില്ല എന്ന അവസ്ഥയാണുള്ളതെന്നതിനാൽ പ്രസ്തുത തുക തോടിന്റെ സൈഡ് സംരക്ഷണം നടത്തുന്നതിലേക്കായി വകയിരുത്തുന്നതിന് 06.06.2022 ലെ 6/2 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും ആയതിൻ പ്രകാരം ഭരണാനുമതി തുകയിൽ നിലനിർത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് തുക ചെലവഴിക്കുകയാണുണ്ടായത്. 2023-24 വർഷത്തിലെ അംഗീകാരം നേടിയ പദ്ധതികൾ പരിശോധിച്ചതിൽ GI Main Pipe മാറ്റുക, വാട്ടർ ടാങ്കിന്റെ ചോർച്ച തടയുന്നതിനായി വാട്ടർ പ്രൂഫിംഗ് നടത്തുക എന്നീ പ്രവൃത്തികൾക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല എന്ന് വ്യക്തമായി.ടാങ്കിന്റെ ചോർച്ച നിലവിലും പരിഹരിക്കാതെ തുടരുകയാണ്. വാട്ടർ ടാങ്കിന്റെ പ്രശ്നം കൂടി പരിഹരിക്കുമ്പോൾ മാത്രമെ പദ്ധതിയുടെ ലക്ഷ്യം പൂർത്തിയാവുകയുള്ളൂ. മേൽ കാര്യം പരിഗണിച്ച് പദ്ധതി രൂപീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (37/18.09.2023) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ടാങ്കിന്റെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 ഇ. ടെണ്ടർ - ടെണ്ടർ ഫീ ലഭ്യമായിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രസ്തുത ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയ 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ ഉത്തരവനുസരിച്ച് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ഇപ്പോഴും എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് ഇ ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്യുന്നത്. ഇതു മൂലം പഞ്ചായത്തിന് തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭ്യമായിട്ടില്ല. .ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനും, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(36/18.09.2023 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-38 ലൈഫ് ഭവന നിർമ്മാണം- വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതി | ലൈഫ് ഭവന നിർമ്മാണം- എസ്.സി 239/23 |
| നിർവ്വഹണം | വി.ഇ.ഒ |
| ചെലവ് | 675000/- SCP<br>BRN 2215105204180130665О/07.03.2023- 320000/-<br>BRN 22151052041801306708/07.03.2023- 200000/-<br>BRN 22151052041801306721/07.03.2023- 155000/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം താഴെപ്പറയുന്ന

ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി നിർമ്മാണം ആരംഭിച്ചതായോ തുടർന്നുള്ള ഘട്ടങ്ങളിലെ പ്രവൃത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റിയതായോ കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തിയ്യതി |
|---|---|---|---|
| 1 | മൃദുല | 40000/- | 07.03.2023 |
| 2 | രേഷ്മ | 40000/- | 07.03.2023 |
| 3 | വിജയ ലളിത | 40000/- | 07.03.2023 |
| 4 | അംഷിത | 40000/- | 07.03.2023 |
| 5 | ജിൻഷ.പി | 40000/- | 07.03.2023 |
| 6 | കാളി | 40000/- | 07.03.2023 |

നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലായെങ്കിൽ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 32/18.09.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണം പൂർത്തീകരിക്കുകയോ അല്ലായെങ്കിൽ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-39 മുൻകൂർ കൈപ്പറ്റി - നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചില്ല.

| | |
|---|---|
| പദ്ധതി | ഭവനപുനരുദ്ധാരണം- ജനറൽ 97/23 |
| നിർവ്വഹണം | വി.ഇ.ഒ |
| അടങ്കൽ | 2700000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1860000/- |

സ.ഉ(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ 6.7 പ്രകാരം ഭവനപുനരുദ്ധാരണ പദ്ധതിക്കായി കരാറിലേർപ്പെടുന്ന ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെട്ടതിനുശേഷം 50% തുക മുൻകൂറായി നൽകാവുന്നതും പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ തുക നൽകാവുന്നതുമാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മുകളിൽ പരാമർശിച്ച പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ 15000 രൂപ മുൻകൂർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും (30000 രൂപ) കൈപ്പറ്റിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ/ വൗച്ചർ നമ്പർ |
|---|---|---|---|
| 1 | അബൂബക്കർ | 15000/- | BRN 22151052041801362395/15.03.2023 |
| 2 | അലവിക്കുട്ടി | 15000/- | BRN 22151052041801362395/15.03.2023 |
| 3 | ആമിന.സി.പി | 15000/- | BRN 22151052041801362395/15.03.2023 |
| 4 | അനീഷ് കുമാർ.കെ.കെ | 15000/- | BRN 22151052041801362395/15.03.2023 |
| 5 | ഫാത്തിമക്കുട്ടി | 15000/- | BRN 22151052041801362395/15.03.2023 |
| 6 | ജാനു | 15000/- | BRN 22151052041801362395/15.03.2023 |

| | | | |
|---|---|---|---|
| 7 | ഖദീജ | 15000/- | BRN 2215105204180136239 5/15.03.2023 |
| 8 | കദീശക്കുട്ടി | 15000/- | BRN 2215105204180136239 5/15.03.2023 |
| 9 | മറിയുമ്മ.എം.കെ | 15000/- | BRN 2215105204180136239 5/15.03.2023 |
| 10 | മായിൻകുട്ടി.വി.പി | 15000/- | BRN 2215105204180136239 5/15.03.2023 |
| 11 | മോയിൻ.പി | 15000/- | BRN 2215105204180136239 5/15.03.2023 |
| 12 | മമ്മദ്.ഇ | 15000/- | BRN 2215105204180136239 5/15.03.2023 |
| 13 | പാത്തുമ്മ | 15000/- | BRN 2215105204180136239 5/15.03.2023 |
| 14 | സഫിയ | 15000/- | BRN 2215105204180136239 5/15.03.2023 |
| 15 | സൈനബ.എം | 15000/- | BRN 2215105204180136239 5/15.03.2023 |
| 16 | വാസു.പി.ടി | 15000/- | BRN 2215105204180136239 5/15.03.2023 |

മേൽ ഗുണഭോക്താക്കൾ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/14.09.2023) ക്രമ നം . 1, 2, 3, 5, 10, 12, 13, 14, 15 , 16 എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീരിച്ചതായും 2023-24 പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതായും മറുപടി നൽകി. എന്നാൽ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർക്കുകയോ ഫയലിൽ രേഖകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ക്രമ നം . 6, 7, 8, 9 എന്നിവർ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നതായും സാമ്പത്തിക പ്രയാസംമൂലം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന ശ്രീ .അനീഷ്കുമാർ (ക്രമനം 4),ശ്രീ.മോയിൻ.പി (ക്രമനം 11) എന്നിവർ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ടെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

2012 ലെ കേരള പൊതു മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ കൊടുത്ത പ്രവൃത്തികളിൽ അംഗീകരിക്കപ്പെട്ട

പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40-1 മുണ്ടക്കുളം സാംസ്കാരിക നിലയം കിണർ പുനരുദ്ധാരണം (33/23)

പൂർത്തീകരണകാലയളവ്- 4 മാസം ( TS പ്രകാരം നമ്പർ.73656/2021-2022 )

കരാറുകാരൻ- ശ്രീ ബഷീർ.കെ.എൻ

കരാർ - 88/AE/LID&EW/MVLR/21-22 Dt.15.03.2022

PAC – 281928/-

സൈറ്റ് കൈമാറിയത്- 15.03.2022

M Book – 81/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 15.06.2022

പൂർത്തീകരിച്ചത് - 28.12.2022

ചെലവ് - ₹ 261926/-

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 14.07.2022 | 28.12.2022 | വൈകിയത് - 3 മാസം 75 ദിവസം.<br>ഈടാക്കേണ്ട പിഴ - 7416/-<br>[15.07.2022 To 14.10.2022 - 281928x1% – 2819.28<br>15.10.2022 To 28.12.2022 - 281928x2%x75/92 - 4596.65 |

(12/14.09.2023ന് മറുപടി ലഭ്യമാക്കിയില്ല)

## 1-40-2 ചെരുംകുഴി പഞ്ചായത്ത് കിണർ റിംഗ് സ്ഥാപിക്കൽ (22/23)

പൂർത്തീകരണകാലയളവ്- 6 മാസം ( TS പ്രകാരം നമ്പർ.82368/2021-2022 )

കരാറുകാരൻ- ശ്രീ മുഹമ്മദ് ആസിർ ടി

കരാർ - 99/AE/LID&EW/MVLR/21-22 Dt.19.03.2022

PAC – 88619/-

സൈറ്റ് കൈമാറിയത്- 19.03.2022

M Book – 05/22-23

പ്രവൃത്തി ആരംഭിച്ച തിയ്യതി - 30.01.2023

പൂർത്തീകരിച്ചത് - 06.03.2023

ചെലവ് - ₹ 99955/- (സി.എഫ്.സി)XVFC/2022-23/P/63/30.03.2023

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 18.09.2022 | 06.03.2023 | വൈകിയത് - 3 മാസം 78 ദിവസം.<br>ഈടാക്കേണ്ട പിഴ -2733/-<br>[19.09.2022 To 18.12.2022 - 88619x1% – 886 |

| | | |
|---|---|---|
| | | (മിനിമം1000/-)<br>19.12.2022 To 06.03.2023 - 88619x2%x78/90 -1536 (മിനിമം2000/- le 1733/-) |

(17/17.09.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-40-3 ചെറിച്ചിക്കാവ് മങ്ങാട്ടത്തടം റോഡ് പുനരുദ്ധാരണം(198/23)

ചെറിച്ചിക്കാവ് മങ്ങാട്ടത്തടം റോഡ് പുനരുദ്ധാരണം(198/23)

പൂർത്തീകരണകാലയളവ്- 4 മാസം ( TS പ്രകാരം നമ്പർ.71434/2021-2022 )

കരാറുകാരൻ- ശ്രീ ജാസിദ് എം.ഇ

കരാർ - 92/AE/LID&EW/MVLR/21-22 Dt.15.03.2022

PAC –123943/-

സൈറ്റ് കൈമാറിയത്- 15.03.2022

M Book – 22/22-23

പ്രവൃത്തി ആരംഭിച്ച തിയ്യതി - 13.09.2022

പൂർത്തീകരിച്ചത് - 28.09.2022

ചെലവ് - ₹ 138816/- (MG R) 2215102041701224672/22.02.2023

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 14.07.2022 | 28.09.2022 | വൈകിയത് - 76 ദിവസം.<br>ഈടാക്കേണ്ട പിഴ - 1024/-<br>[15.07.2022 To 28.09.2022 - –123943x1% X76/92–1024)<br>(ഓഡിറ്റ് എൻക്വയറി 17/17.09.2023 ന് മറുപടി ലഭ്യമാക്കിയില്ല) |

## 1-40-4 മുണ്ടക്കുളം വിറയാലുങ്ങൽ പഞ്ചായത്ത് കിണർ റിംഗ് സ്ഥാപിക്കൽ (23/23)

പൂർത്തീകരണകാലയളവ്- 6 മാസം ( TS പ്രകാരം നമ്പർ.85369/2021-2022 )

കരാറുകാരൻ- ശ്രീ മുഹമ്മദ് ആസിർ ടി

കരാർ - 100/AE/LID&EW/MVLR/21-22 Dt.19.03.2022

PAC – 88772/-

സൈറ്റ് കൈമാറിയത്- 19.03.2022

M Book – 6/22-23

പ്രവൃത്തി ആരംഭിച്ച തിയ്യതി - 30.01.2023

പൂർത്തീകരിച്ചത് - 06.03.2023

ചെലവ് - ₹ 99987/- (സി.എഫ്.സി) XVFC/2022-23/P/62/30.03.2023

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 18.09.2022 | 06.03.2023 | വൈകിയത് - 3 മാസം 78 ദിവസം.<br>ഈടാക്കേണ്ട പിഴ -2733/- |

| | | |
|---|---|---|
| | | [19.09.2022 To 18.12.2022 -88772x1% – 888 (മിനിമം1000/-)<br>19.12.2022 To 06.03.2023 - 88772xx2%x78/90 -1519 (മിനിമം2000/90x78= 1733/-<br>(ഓഡിറ്റ് എൻക്വയറി 17/17.09.2023 ന് മറുപടി ലഭ്യമാക്കിയില്ല) |

## 1-40-5 മഞ്ഞിനിക്കാട് തടത്തിൽ റോഡ് കോൺക്രീറ്റ് (31/23)

പൂർത്തീകരണകാലയളവ്- 4 മാസം ( TS പ്രകാരം നമ്പർ.64926/2021-2022 )

കരാറുകാരൻ- ശ്രീ മിൻഹാജ്.എ ടി

കരാർ - 74/AE/LID&EW/MVLR/21-22 Dt.20.01.2022

PAC –89043/-

സൈറ്റ് കൈമാറിയത്- 20.01.2022

M Book – 04/22-23

പ്രവൃത്തി ആരംഭിച്ച തിയ്യതി - 01.03.2023

പൂർത്തീകരിച്ചത് - 21.03.2023

ചെലവ് - ₹100000/- (തനതുഫണ്ട്) 22200915/29-03-2023

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 19.05.2022 | 21.03.2023 | വൈകിയത് - 10 മാസം 2 ദിവസം.<br>ഈടാക്കേണ്ട പിഴ -5674/-<br>[20.05.2022 To 19.08.2022 - 89043x1% – 890.43 (മിനിമം1000/-)<br>20.08.2022 To 19.11.2022 - 89043x2% – 1780.86 (മിനിമം2000/-)<br>20.11.2022 To 19.02.2023 - 89043x2% – 1780.86 (മിനിമം2000/-)<br>20.02.2023 To 21.03.2023 - 89043x2% X30/89– 600.28 – (674/- 2000x30/89) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/17.09.2023 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-41 ബെയ്‌ലിംഗ് മെഷ്യൻ സ്ഥാപിച്ചിട്ടില്ല.

എം.സി.എഫ് ലേക്ക് ബെയ്‌ലിംഗ് മെഷ്യൻ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ( 236/23, അടങ്കൽ 638000 CFC) 579000 രൂപ വിലയുള്ള 25 മെട്രിക് ടൺ കപ്പാസിറ്റിയുള്ള ഒരു ബെയ്‌ലിംഗ് മെഷ്യൻ കേരള സ്റ്റേറ്റ് എന്റർപ്രൈസസിൽ നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ.KTMBC/048/22-23 തീയ്യതി.18.3.2023). ഇതിന്റെ വിലയിനത്തിൽ തൻവർഷം വൗച്ചർ നമ്പർ.XVFC/2022-23/P/61 തീയ്യതി.29.3.2023 പ്രകാരം 550000 രൂപ KSIE ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബെയ്‌ർലിംഗ് മെഷ്യൻ നാളിതുവരെ എം.സി.എഫിൽ സ്ഥാപിച്ചിട്ടില്ല. നിലവിൽ വാടക കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ ത്രീ ഫേസ് കണക്ഷൻ ഇല്ലാത്തതിനാലാണ് മെഷ്യൻ സ്ഥാപിക്കാത്തത് എന്ന് ഹരിതകർമ്മ സേന സെക്രട്ടറി ഇന് സംബന്ധ്ച്ച അന്വേഷണത്തിന് വാക്കാൽ മറുപടി ലഭ്യമാക്കുകയുണ്ടായി. കണക്ഷൻ ത്രീ ഫേസ് ആക്കുന്നതിനുള്ള പ്രവർത്തി നിർവ്വഹിക്കാതെ ബെയ്‌ലിംഗ് മെഷ്യൻ വാങ്ങിയത് ക്രമപ്രകാരമല്ല. ഇതിന് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.35/18.9.2023 പ്രകാരം

ആവശ്യപ്പെട്ടിരുന്നു. വാടക കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നതെങ്കിലും പ്രത്യേക അനുമതി വാങ്ങി 2023-24 ന്റെ തുടക്കത്തിൽ തന്നെ ത്രീ ഫേസ് ഇലക്ട്രിഫിക്കേഷൻ പ്രൊജക്ട് നടപ്പിലാക്കാമെന്ന ഭരണ സമിതി യോഗത്തിലെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ബെയ്‌ലിംഗ് മെഷ്യൻ വാങ്ങിയത് എന്നും, സെക്രട്ടറി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ തല സാങ്കേതിക സമിതി 146000 രൂപയുടെ എസ്റ്റിമേറ്റ് ഇതിനായി തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും, എന്നാൽ 2023-24 ലെ പദ്ധതിയിൽ ഇതിനുള്ള പ്രൊജക്ട് ഉൾപ്പെടാത്തത് ശ്രദ്ധയിൽ വന്നപ്പോൾ ഇക്കാര്യം പ്രസിഡണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെന്നുമാണ് ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പ്രത്യേക അനുമതി ലഭ്യമാകാത്ത പക്ഷം കെട്ടിട ഉടമയുടെ ചെലവിൽ പ്രവൃത്തി നിർവ്വഹിപ്പിക്കാമെന്ന് പ്രസിഡണ്ട് ഉറപ്പ് നൽകിയിരുന്നുവെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 579000 രൂപ വിലയുള്ള മെഷ്യൻ വാങ്ങിയ ശേഷം ആയത് പ്രവർത്തിപ്പിക്കാതെ ഇരിക്കുന്നത് ചെലവ് തുക മുഴുവൻ നഷ്ടപ്പെടുന്നതിന് തുല്യമാണ്. ആയതിനാൽ പ്രത്യേക അനുമതി ലഭ്യമാക്കി ഇലക്ട്രിഫിക്കേഷൻ പ്രൊജക്ട് നിർവ്വഹിച്ചോ, അല്ലെങ്കിൽ ഉടമസ്ഥന്റെ ചെലവിൽ പ്രവൃത്തി ചെയ്തോ വൈദ്യുത കണക്ഷൻ ലഭ്യമാക്കി മെഷ്യൻ പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക പാഴ് ചെലവായി കണക്കാക്കി ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ അറിയിക്കേണ്ടതാണ്. അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 550000/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 1-42 ഭരണ സമിതി തീരുമാനങ്ങളിലെ തുടർ നടപടി വിവരം ലഭ്യമല്ല.

ഗ്രാമ പഞ്ചായത്ത് ഭരണ സമിതി എടുത്ത താഴെ കൊടുത്ത തീരുമാനങ്ങളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ യഥാക്രമം 8/13.9.2023, 9/13.9.2023, 13/14.9.2023 നമ്പർ ഓഡിറ്റ് എൻക്വയറികൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

1) ഭരണ സമിതി തീരുമാനം നമ്പർ.7(4)/27.7.2022

"മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിലെ മൂച്ചിക്കലിനും മുണ്ടക്കുളത്തിനുമിടയിൽ റോഡിൽ നിന്നും അകലം പാലിക്കാതെയുള്ള കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംബന്ധിച്ച് ജില്ലാ വികസന സമിതി യോഗത്തിൻറെ പരാമർശ ത്തിൻറെ അടിസ്ഥാനത്തിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05/07/2022ലെ DDP-MPM-11508/18 D10 നമ്പർകത്ത് ചർച്ച ചെയ്തു. ഇതുസംബന്ധിച്ച 25/05/2022ലെ കത്ത് പ്രകാരം ഏഴോളം കെട്ടിടങ്ങൾക് അനധികൃതമായി കൂട്ടിച്ചേർത്ത് നിർമ്മാണം നടത്തിയത് നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. എന്നാൽ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിന് ശേഷമുള്ള പഴയ കെട്ടിടങ്ങൾ ഉൾപെട 220 (ബി) പാലിക്കാത്ത എല്ലാ കെട്ടിടങ്ങൾക്കും എതിരെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം ലഭിച്ചിരിക്കുകയാണ്. ആയത് പ്രകാരം കെട്ടിടങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 11/07/2022 ലെ കത്ത് പ്രകാരം അസി എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. എന്നാൽ നാളിതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. നോട്ടിസ് നല്കിയ കെട്ടിട ഉടമകൾ സാവകാശം ചോദിച്ചു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ദീർഘ കാലത്തെ സാവകാശം അനുവദിക്കാൻ സാധ്യമല്ല എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. ഭരണ സമിതി ഇക്കാര്യം വിശദമായി ചർച്ച ചെയ്തു.പല കെട്ടിടങ്ങളും വളരെ മുമ്പുതന്നെ കെട്ടിടങ്ങൾക്ക് മുൻവശത്ത് പൈപ്പുപയോഗിച്ച് താൽക്കാലിക ഷീറ്റ് സ്ഥാപിച്ചതാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. എല്ലാ കെട്ടിടങ്ങൾക്കുമെതിരെ വ്യാപകമായി നടപടി സ്വീകരിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. ആയതിനാൽ റോഡിൽ തടസ്സമാകുന്ന കെട്ടിടങ്ങൾക്കെതിരെ മാത്രം നടപടി സ്വീകരിക്കേണ്ട താണെന്ന് യോഗം അഭിപ്രായപ്പെട്ടു. കൂടാതെ ഇതുസംബന്ധിച്ച് കെട്ടിട ഉടമകളുടെയും വ്യാപാരികളുടെയും യോഗം വിളിച്ച് നിർദ്ദേശം നല്കുന്നത് പരിഗണിക്കേണ്ടതാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം പാലിക്കേണ്ടതുണ്ടെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. അതുപ്രകാരം അസി.എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിക്കുന്നമുറക്ക് തുടർനടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. അസി എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് വാങ്ങുന്നതിന് യോഗം തീരുമാനിച്ചു. എന്നാൽ പ്രതിഷേധം ഒഴിവാക്കുന്നതിന് വ്യാപാരികൾക്ക് അനുവദിക്കാവുന്ന സാവകാശം അനുവദിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നല്കുന്നതിന് യോഗം തീരുമാനിച്ചു. കൂടാതെ കെട്ടിട ഉടമകളുമായും വ്യാപാരികളുമായും സംസാരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻമാർ. 15)ാം വാർഡ് മെമ്പർ എന്നിവരെ ചുമതലപ്പെടുത്തുന്നതിനും യോഗം ഐകകണ്ഠേന തീരുമാനിച്ചു."

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനും എൻക്വയറി മുഖേനെ ആവശ്യപ്പെട്ടു.

2) ഭരണ സമിതി തീരുമാനം നമ്പർ.3(1)/29.8.2022

"ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് മുതുവല്ലൂർ വിളയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന 15.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റി തീരുമാനപ്രകാരമുള്ള പ്ലാൻ പ്രകാരം കെട്ടിട നവീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് 3634060 രൂപ ചെലവ് വരുന്നതാണ് എന്നും കൂടുതലായി ആവശ്യമുള്ള 2084060 രൂപയുടെ പ്രവർത്തിക്കുള്ള തുക പഞ്ചായത്ത് മറ്റു ധനസ്രോതസ്സുകളിൽ നിന്നും കണ്ടെത്തേണ്ടതാണ് എന്നും ഫണ്ട് കണ്ടെത്തുന്നതിന് കാലതാമസം നേരിടുന്ന പക്ഷം നേരത്തെ അനുവദിച്ച തുക കൂടി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ വിഷയം 19/8/2022 തീയതിയിൽ ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗം ചർച്ച ചെയ്യുകയും മേൽ പ്രവർത്തിക്ക് ആവശ്യമായ അധിക തുക പ്രധാനമന്ത്രി ജനവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മുഖേന അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ഇക്കാര്യം നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസറെ അറിയിക്കുന്നതിനും അധിക തുക ലഭ്യമാകാത്തപക്ഷം നിലവിൽ അനുവദിച്ച തുക വകയിരുത്തി നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുന്നതിനും യോഗം ഐക്യകണ്ഠേന തീരുമാനിച്ചു."

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദീകരിക്കേണ്ടതും, നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ചിരുന്ന 15.5 ലക്ഷം രൂപ നിലവിലും ലഭ്യമാണോ എന്ന് വ്യക്തമാക്കാനും എൻക്വയറി മുഖേനെ ആവശ്യപ്പെട്ടു.

3) ഭരണ സമിതി തീരുമാനം നമ്പർ.10(1)/19..9.2022

"മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ മുതുപറമ്പ് കൊല്ലംചോലയിൽ സ്ഥിതിചെയ്യുന്ന അംഗനവാടിക്ക് പൊതുവഴിയും കുടിവെള്ള സൗകര്യവും ലഭ്യമല്ലാത്തതിനാൽ പ്രയാസപ്പെടുന്നതായി അറിയിച്ചുകൊണ്ട് ബദറുൽ ജമാൽ പി മേലെതൊടുവിൽ വീട് എന്നവർ സമർപ്പിച്ച പരാതി യോഗം ചർച്ച ചെയ്തു. പരാതിയന്മേൽ പരിശോധന നടത്തിയതിൽ നിന്നും ഈ അംഗനവാടിയിലേക്ക് എത്താൻ വഴി സൗകര്യം വളരെ പരിമിതപ്പെട്ടതാണെന്നും ടി അംഗൻവാടിയിലേക്ക് കുടിവെള്ളസൗകര്യം യാതൊന്നും ഇല്ല എന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 25 കുട്ടികൾ പഠിക്കുന്ന പ്രസ്തുത അംഗൻവാടിയിൽ ബാത്റൂം ആവശ്യങ്ങൾക്ക് അടുത്തുള്ള ചോലയിൽ നിന്നും, കുടിവെള്ളം പരിസരവാസികളിൽ നിന്നുമാണ് ശേഖരിക്കുന്നത് എന്നും വേനൽക്കാലത്ത് ചോലയിൽ വെള്ളം വറ്റുന്നതിനാൽ ആ സമയത്ത് വെള്ളം തീരെ കിട്ടാനില്ലാത്ത അവസ്ഥയാണെന്നും സ്ഥലം സന്ദർശിച്ചതിൽ നിന്നും അംഗനവാടിയിലേക്ക് ഇപ്പോൾ ഉള്ള വഴി കുട്ടികൾക്കും ഗർഭിണികൾക്കും അപകടം നിറഞ്ഞതാണ് എന്ന വിവരവും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടAണ്ട്. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 അംഗനവാടികൾക്ക് മാത്രമാണ് ഫിറ്റ്നസ് നൽകിയിട്ടുള്ളത്. മേൽ സാഹചര്യങ്ങൾ ഭരണസമിതി വിശദമായി ചർച്ച ചെയ്തു. കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ വഴി സൗകര്യത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് സ്ഥല ഉടമയുമായി സംസാരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർമാരായ ശ്രീമതി സുശീല, ശ്രീ മുജീബ് റഹ്മാൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു."

അംഗനവാടിക്ക് അടിസ്ഥന സൗകര്യം ഒരുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ എൻക്വയറി മുഖേനെ ആവശ്യപ്പെട്ടു.

ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിനെ സംബന്ധിച്ച് വളരെയധികം പ്രാധാന്യമുള്ള മേൽ വിഷയങ്ങളിൽ ഭരണ സമിതി തീരുമാനങ്ങളിൽ നിർദ്ദേശിക്കപ്പെട്ട വിധത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ, മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1000000 | പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ47/23 | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 210000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (ജനറൽ)-64/23 | 210000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 630000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ (ജനറൽ)-64/23 | 630000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1440000 | ലൈഫ് ഭവന പദ്ധതി എസ് സി-70/23 | 1440000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ | GO(Rt)5206/21/fin Dtd 30-07-2021 GO(Rt)22/2022 /Fin Dtd 1-1-2022 | 8160000 | 706828 | 843631 | 0 | 8023197 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-27-1 | 7053 | ബിനിത എസ് അസി.എഞ്ചിനീയർ | 1220101543/17.12.22 |
| 2021-22 | 1-27-3 | 3740 | ബഷീർ കെ എൻ, കരാറുകാരൻ | 1220101647/28.12.22 |
| 2021-22 | 1-27-2 | 5378 | ബിനിത എസ് അസി.എഞ്ചിനീയർ | 1220101683/30.12.22 |
| ആകെ | | 16171 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തുനികുതി സംബന്ധിച്ച് | 04.09.18 ലെ ബി4-3110/18 പ്രകാരം മറുപടി നൽകി |
| | 2-2 | | അനുബന്ധം 4 | തൊഴിൽനികുതി സംബന്ധിച്ച് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141567696 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134862415 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3241027 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 100000 | ശ്രീമതി സുലോചന, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-20 | 1243656 | ശ്രീ അഷ്റഫലി സി ടി,സെക്രട്ടറി |
| 1-25 | 55000 | ശ്രീ അഷ്റഫലി സി ടി,സെക്രട്ടറി |
| 1-27 | 250000 | ശ്രീമതി ഹസീന ഹസ്സൻകുഞ്ഞ് കൃഷി ഓഫീസർ |
| 1-29 | 120000 | ശ്രീമതി ഹസീന ഹസ്സൻകുഞ്ഞ് കൃഷി ഓഫീസർ |
| 1-30 | 450000<br>312000 | ശ്രീമതി ഹസീന ഹസ്സൻകുഞ്ഞ് കൃഷി ഓഫീസർ<br>ശ്രീ വിനീത് വർമ്മ കൃഷി ഓഫീസർ |
| 1-32-1 | 90086 | ശ്രീമതി സുലോചന, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-32-2 | 70285 | ശ്രീമതി സുലോചന, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-41 | 550000 | ശ്രീ. അഹമ്മദ് ഇസ്മായിൽ.പി., അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 3241027 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഹസീന ഹസ്സൻകുഞ്ഞ് കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഒരപ്പിൽ വീട്, ഒളവട്ടൂർ (PO), മലപ്പുറം -673638 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2008-09 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 7 |
| 2011-12,2012-13 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം9/2554/2018 തി : 6.03.2019 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം.9/56/2022തി: 09.05.2022 | 1 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/55/22 തി. 9.5.2022 | 7 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/59/22തി. 25.3.2022 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം.9/2268/2021തി. 9-5-22 | 4 |
| 2020-21 | കെ.എസ്.എ.എം.പി.എം.9/59/2022തി. 9-5-22 | 3 |
| 2021-22 | കെ.എസ്.എ.എം.പി.എം.9/2580/22 തി.02.12.22 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.10/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Muthuvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muthuvallur Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Muthuvallur Grama Panchayat for the Year 2022-2023.

**1.Major Observations**

1.The asset value shown in balance sheet is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a)Ratios, b)notes on accounts, c) comparative amounts of previous year.

2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Excess of Income over expenditure in balance sheet(B1 shedule) do not match with the closing balance of trial balance.
4.Expenditure of Grant(Develpment fund genaral,SCP,CFC )in Annual Financial Statement is not Agreed with Appropriation

Control Register .

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്